Draft #10 of File 17799/AC A1-3/2020/AC A 1 (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 03-Sep-2020 11:58 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2020-21 അദ്ധ്യയന വർഷത്തെ ബിരുദ ,ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുള്ള പ്രവേശനം - നാമമാത്ര സീറ്റ് വർദ്ധനവ് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3916/AC A 1/2020/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 03.09.2020

---

*പരാമർശം:*-1. 11.06.2020, 09.07.2020 തീയതികളിലെ സർവ്വകലാശാല വിജ്ഞാപനം നം.17799/ACA1-3/2020/ACA1

2. സർവ്വകലാശാല ഉത്തരവ് നം.3619/ACA1/2020/എം.ജി.യു തീയതി 12.08.2020
3. സർവ്വകലാശാല ഉത്തരവ് നം.3418/ACA1/2020/എം.ജി.യു തീയതി 27.07.2020
4. തലയോലപ്പറമ്പ്, ഡി.ബി കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച 24.08.2020 തീയതിയിലെ അപേക്ഷ
5. മാന്നാനം, കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച 25.08.2020 തീയതിയിലെ അപേക്ഷ
6. 24.08.2020, 27.08.2020 തീയതികളിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ്

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ നാമമാത്ര സീറ്റ് വർദ്ധനവിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

നാമമാത്ര സീറ്റ് വർദ്ധനവിനായി ഡി.ബി കോളേജ്, തലയോലപ്പറമ്പ്, K.E കോളേജ് മാന്നാനം എന്നീ കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ച അപേക്ഷകൾ സർവ്വകലാശാല പരിഗണിക്കുകയും ടി കോളേജുകളുടെ ഫീസ് കുടിശ്ശിക പരിശോധിക്കുന്നതിലേയ്ക്കായി, 2010-11 മുതൽ 2019-20 വരെയുള്ള 10 വർഷത്തെ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതിനാൽ പരാമർശം (2),(3) പ്രകാരം ടി കോളേജുകൾക്ക് 2020-21 അദ്ധ്യയനവർഷം നാമമാത്ര വർദ്ധനവ് അനുവദിക്കുകയും ചെയ്തു.

ടി കോളേജ് പ്രിൻസിപ്പാൾമാർ പരാമർശം (4),(5) പ്രകാരം, 2020-21 അദ്ധ്യയന വർഷത്തെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുള്ള നാമമാത്ര സീറ്റ് വർദ്ധനവിനായി വീണ്ടും സമർപ്പിച്ച അപേക്ഷകളിന്മേൽ ടി കോളേജുകൾ ആവശ്യപ്പെട്ടതനുസരിച്ച് നാമമാത്ര വർദ്ധനവ് അനുവദിക്കുവാൻ വൈസ് ചാൻസലർ പരാമർശം (6) പ്രകാരം ഉത്തരവായിരിക്കുന്നു. അതിൻപ്രകാരം ടി കോളേജുകൾക്ക് മുൻ ഉത്തരവിൽ അനുവദിച്ച വർദ്ധനവിന് പുറമേ താഴെപ്പറയും പ്രകാരം അധിക നാമ മാത്ര വർദ്ധനവ് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

Draft #10 of File 17799/AC A1-3/2020/AC A 1 (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 03-Sep-2020 11:58 AM - Page 2

<u>ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-21 അദ്ധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചതിൻറെ വിശദാംശങ്ങൾ</u>

| Sl. No | College | Course | Sanctioned Strength | Marginal increase of Seats already sanctioned | Additional Increase of Seats | Total |
|---|---|---|---|---|---|---|
| 1 | Devasworm Board College, Thalayolaparambu | BA Political Science Model 1 | 50 | | 10 | 60 |
| | | B.A English Language and Literature Model I | 24 | 6 | 20 | 50 |
| | | B.A Hindi Language and Literature Model I | 30 | 8 | 10 | 48 |
| | | B.Com Model II Finance & Taxation | 32 | 8 | 10 | 50 |
| | | B.Sc Botany Model I | 32 | 8 | 10 | 50 |
| | | M.Sc Physics | 10 | 2 | 10 | 22 |
| | | M.Sc Mathematics | 20 | | 5 | 25 |
| | | M.Sc Chemistry | 12 | 2 | 10 | 24 |
| | | MA Malayalam | 15 | | 10 | 25 |
| 2. | K.E College, Mannanam | B.Sc Psychology Model 1 (SF) | 30 | 8 | 8 | 46 |
| | | B.Com Finance & Taxation (SF) | 40 | 10 | 8 | 58 |

മേൽപ്പറഞ്ഞ വർദ്ധനവ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. അധിക ജീവനക്കാരെ നിയമിക്കലും പഠന - ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും വഴി സർക്കാരിനോ സർവ്വകലാശാലയ്ക്കോ അധിക ബാദ്ധ്യത ഉണ്ടാവാൻ പാടില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. സീറ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ച് ലാബിലും ലൈബ്രറിയിലും മതിയായ സൗകര്യങ്ങൾ ഉണ്ടാവേണ്ടതാണ്.

3. വിദ്യാർത്ഥി പ്രവേശനം, അനുവദിക്കപ്പെട്ട സീറ്റുകൾക്കും നാമമാത്ര വർദ്ധനവിനും അനുസൃത മായിരിക്കണം.

4. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പട്ടിക സർവ്വകലാശാലയിൽ അടയ്ക്കേണ്ട നിശ്ചിത ഫീസുകളുടെ വിവരങ്ങൾ സഹിതം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

5. പ്രവേശന വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നാമമാത്ര വർദ്ധനവിനും ബാധകമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകളുടെ പ്രിൻസിപ്പൽമാർ
2. വൈസ്- ചാൻസിലർ/ പ്രൊ -വൈസ്- ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി മാർ
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. അന്വേഷണം/ഡി എസ് എസ്/എസ് പി ഇ എസ് എസ്
5. ബന്ധപ്പെട്ട ജെ ആർ/ഡി ആർ/ എ ആർ (ഭരണം/അക്കാദമിക്/പരീക്ഷ)
6. ബന്ധപ്പെട്ട പരീക്ഷാ സെക്ഷനുകൾ
7. എ സി ബി 6
8. കണ്ടെന്റ് മാനേജ്മെന്റ് /ഐ ക്യൂ എ സി
9. കരുതൽ ഫയൽ/റെക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 17799/AC A1-3/2020/AC A 1 (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 03-Sep-2020 11:58 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം